# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4753** **22.03.2018-ൽ മറുപടിക്ക്**

**പവർലൂം മേഖലയും ചെറുകിട ടെക്സ്റ്റൈൽ മേഖലയും**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.അബ്ദുൽ ഹമീദ്.പി** | **ശ്രീ.എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ പവർലൂം മേഖലയും ചെറുകിട ടെക്സ്റ്റൈൽ മേഖലയും പ്രതിസന്ധിയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ മേഖലയെ സംരക്ഷിക്കുന്നതിന് നിലവിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) ടെക്സ്ഫെഡിന്റെ കീഴിലുള്ള പവർലൂം സൊസൈറ്റികളായ കോട്ടയം ഇന്റഗ്രേറ്റഡ് പവർലൂം ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, നെയ്യാറ്റിൻകര താലൂക്ക് ഇന്റഗ്രേറ്റഡ് പവർലൂം ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കാലിക്കറ്റ് ഇന്റഗ്രേറ്റഡ് പവർലൂം ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, വയനാട് ഹാന്റ്ലൂം പവർലൂം മൾട്ടിപർപ്പസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി,കേരള ഹൈടെക്ക് വീവിംഗ് ആന്റ് ഗാർമെന്റ് കോ-ഓപ്പറേറ്റീവ് മിൽസ് എന്നീ സൊസൈറ്റികളിൽ ആധുനികവൽക്കരണം നടത്തുന്നതിനായി സർക്കാർ ധനസഹായം നൽകി വരുന്നു.<br><br>യന്ത്രത്തറി സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനുള്ള പദ്ധതിക്കായി 2018-19 വർഷത്തേക്ക് 350 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കൈത്തറി മേഖലയ്ക്ക് നൽകുന്ന ആനുകൂല്യങ്ങൾ പ്രസ്തുത മേഖലയ്ക്കും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (ഡി) | പവർലൂം മേഖലയെ ശക്തിപ്പെടുത്തുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ എന്നറിയിക്കാമോ? | (ഡി) | യന്ത്രിത്തറിമേഖലയെ സംരക്ഷിക്കുന്നതിന് നിലവിൽ ചുവടെ പറയുന്ന പരിപാടികൾ സർക്കാർ നടപ്പിലാക്കി വരുന്നു.<br>1)യന്ത്രത്തറി സഹകരണസംഘങ്ങളുടെ പുനരുദ്ധാരണം.<br>2)യന്ത്രത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി.<br>3)യന്ത്രത്തറി വ്യവസായങ്ങളുടെ ആധുനികവൽക്കരണം.<br>4)യന്ത്രത്തറി സഹകരണസംഘങ്ങൾക്ക് ഓഹരി പങ്കാളിത്തം.<br>കൂടാതെ ടെക്സ്ഫെഡിന്റെ നിയന്ത്രണത്തിലുള്ള യന്ത്രത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും ടെക്സ്ഫെഡിന്റെ കീഴിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണത്തിനായുള്ള സമഗ്ര പദ്ധതി എന്നിവയും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ